"ഭരണഭാഷ – മാതൃഭാഷ"

**വളരെ അടിയന്തിരം**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ8/12077/2021/സിഇ/തസ്വഭവ                                        തീയതി: 10.12.2021

# സർക്കുലർ

വിഷയം:- തസ്വഭവ – LID & EW- ജീവനക്കാര്യം – ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുന്നത് – സംബന്ധിച്ച്

സൂചന:- 07.12.2021 തീയതിയിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ- LSGD-ERA1/33/2021/LSGD നമ്പർ സർക്കാർ കത്ത്.

ഈ വകുപ്പിൽ സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന എല്ലാ ജീവനക്കാരുടെയും സർവ്വീസ് സംബന്ധിച്ച് എല്ല വിവരങ്ങളും അവരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് സ്പാർക്കിലും ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നതിനായി നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോഴും ജീവനക്കാരുടെ വിവരങ്ങൾ പല കാര്യാലയങ്ങളിലേയും നിയന്ത്രണാധികാരികൾ അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല. ഇത് ഗൗരവമായി ബഹു. സർക്കാർ കാണുകയാണ്. ആയതിനാൽ e-service book, Online transfer എന്നിവ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ ജീവനക്കാരന്റെയും സേവനവിവരങ്ങൾ സേവന പുസ്തകത്തിൽ ഉള്ളതിൻ പ്രകാരം സ്പാർക്കിൽ 2021 ഡിസംബർ 24-ാം തീയ്യതി 3 pm ന് മുമ്പായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ചയ്ക്ക് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ മാത്രമായിരിക്കും ഉത്തരവാദികളെന്നും ആയത് ഗുരുതരമായി കാണുകയും വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടിവരുന്നതിനിടയാക്കുകയും ചെയ്യുമെന്ന് മുന്നറിയിപ്പ് നല്കുന്നു.

ഈ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സ്ഥലം മാറ്റം, നിയമന നടപടികൾ ഇനി മുതൽ ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ സർവ്വീസ് വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തതിന് ശേഷം 2021 ഡിസംബർ 27 മുതൽ 2022 ജനുവരി 12 വരെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതായിരിക്കും. ആയതിലേക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സാക്ഷ്യപത്രം യഥാവിധി പൂരിപ്പിച്ച് 2021 ഡിസംബർ 24-ാം തീയ്യതി 5 pm ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

പ്രസിദ്ധീകരണത്തിന് (വെബ് സൈറ്റ് മുഖേന)
പകർപ്പ് : ഫയൽ / സ്റ്റോക്ക് ഫയൽ

LA

# സത്യപ്രസ്താവന

ഈ കാര്യലയത്തിലും (...................................................

..............................) ഈ കാര്യാലയത്തിന്റെ കീഴിലും സേവനമനുഷ്ഠിക്കുന്ന മുഴുവൻ ജീവനക്കാരുടെയും സേവന പുസ്തകത്തിൽ ഉള്ളതിൻ പ്രകാരമുള്ള വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡിഡിഒ യുടെ പേര് :

പെൻ നമ്പർ :

ഓഫീസ് :

സ്ഥലം :

തീയതി :